75 (1181) വകയാർ-മുറിഞ്ഞകൽ റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ഒരു പ്രധാന കെ.ഐ.പി. റോഡായ വകയാർ-മുറിഞ്ഞകൽ റോഡ് ഗതാഗത യോഗ്യമല്ലാതായിട്ട് എത്രകാലമായെന്നും ഇതിന്റെ പണി എന്നാണ് ടെണ്ടർ ചെയ്തതെന്നും വ്യക്തമാക്കുമോ;

(ബി) ടെൻഡർ ചെയ്തു കരാർ ചെയ്ത് ഉറപ്പിച്ചതിനുശേഷം ഇതിന്റെ പണിക്ക് എന്തെങ്കിലും തടസ്സമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സെക്രട്ടറിയേറ്റിലെ ബന്ധപ്പെട്ട വകുപ്പിലെ 12724/ഐ.ആർ.1/96/ഐ.ആർ.ഡി. നമ്പർ ഫയലിലുള്ള നടപടി ഇപ്പോൾ ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് റോഡ് ഗതാഗതയോഗ്യമാക്കാൻ സാധിക്കാതിരിക്കുന്നതുമൂലം ദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വകയാർ-മുറിഞ്ഞകൽ റോഡ് 1990 മുതൽ ഗതാഗത യോഗ്യമല്ലാതായി 16.5.1991 ന് ഈ പണി ടെണ്ടർ ചെയ്തു.

(ബി) ഉണ്ട്. ഡിപ്പാർട്ടുമെന്റ് മെറ്റീരിയൽസ് ഇല്ലാത്തതിനാലാണ് പണിക്ക് തടസ്സമുണ്ടായത്.

(സി) റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതിനായി ഇക്കാര്യത്തിൽ ചില വിശദീകരണങ്ങൾ ചീഫ് എഞ്ചിനീയർ, പ്രോജക്ട്-3 ൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുവാദം കൊടുത്തതിനുശേഷം പ്രസ്തുത റോഡിന്റെ പണി കഴിവതും വേഗം പൂർത്തീകരിക്കുവാൻ ശ്രമിക്കുന്നതാണ്.

76 (1182) കുമ്പഴ പാലത്തിന്റെ സംരക്ഷണം

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കുമ്പഴ പാലത്തിന് ഭീഷണിയാവുന്നതരത്തിൽ പാലത്തിന്റെ ഇരുകരകളും ഇടിയുന്നത് തടയാൻ കര കെട്ടി സംരക്ഷിക്കാനുള്ള നടപടി എന്നാണ് ആരംഭിച്ചത്;

(ബി) ഇതിന്റെ ടെണ്ടർ കൊടുത്ത് പണി ആരംഭിക്കുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വർക്ക് ടെണ്ടർ ചെയ്ത് എഗ്രിമെന്റായിട്ടും പണി നടത്താതിരിക്കാനുള്ള കാരണം ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ പണമില്ലാത്തതുകൊണ്ടാണോ;

(ഇ) എങ്കിൽ ഈ പണി വീണ്ടും ടെണ്ടർ ചെയ്യാനും പാലത്തിന് ഭീഷണിയായിട്ടുള്ള ഈ മണ്ണിടിച്ചിൽ തടയാനും നടപടിയെടുക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ കുമ്പഴ പാലത്തിന് ഭീഷണിയാവുന്ന തരത്തിൽ പാലത്തിന്റെ ഇരുകരകളും ഇടിയുന്നത് തടയാൻ ആറിന്റെ കര കെട്ടി സംരക്ഷിക്കാനുള്ള പദ്ധതിക്കുവേണ്ടി 25.4.1997ൽ ടെണ്ടർ ക്ഷണിച്ചു.

(ബി) ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെങ്കിലും പണി ആരംഭിച്ചിട്ടില്ല.

(സി),(ഡി)&(ഇ) പ്രസ്തുത പണിക്ക് 1997-98 വർഷത്തിൽ ദർഘാസ് ക്ഷണിച്ചിരുന്നു. ഈ പണിക്ക് ടെണ്ടർ നൽകിയ കോൺട്രാക്ടർ എസ്റ്റിമേറ്റ് നിരക്കിൽനിന്നു 49% കൂടുതലാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ പണി എസ്റ്റിമേറ്റ് തുകയുടെ 45% കൂടുതൽ നിരക്കിന് ഏറ്റെടുത്ത് നടത്തുവാൻ ചീഫ് എഞ്ചിനീയർമാരുടെ ടെണ്ടർ കമ്മിറ്റി അനുമതി നൽകിയിരുന്നു. പ്രവൃത്തി ഏറ്റെടുത്ത് നടത്തുവാൻ തയ്യാറാണോ എന്ന വിവരത്തിന് കോൺട്രാക്ടർ മറുപടി നൽകിയിട്ടില്ല. ഈ വാർഡ് '2711-01-103-98 എഫ്.ഡി.(പി)' എന്ന ഹെഡ്ഡിലാണ് അനുമതി നൽകിയിരുന്നത്. കോൺട്രാക്ടറുടെ മറുപടി ഇതേവരെയും കിട്ടാത്തതിനാൽ പണി റീ ടെണ്ടർ ചെയ്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

77 (1183) അച്ചൻകോവിലാറിന്റെ കര ഇടിയുന്നത് തടയുന്നതിന് നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിലാറിന്റെ കര ഇടിയുന്നത് തടയാനായി കോന്നി ഐരവൺ വില്ലേജിലെ സർവ്വേ നമ്പർ 308/5, 5എ, 5ബി2, ബി3 എന്നീ ഭാഗങ്ങളിൽ വരുന്ന കരപ്രദേശങ്ങൾ കെട്ടി സംരക്ഷിക്കാനായി ജലസേചന വകുപ്പ് അനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പണി എത്രയും വേഗം ചെയ്യാനും കര ഇടിഞ്ഞുപോകുന്നതു ഒഴിവാക്കാനുമാവശ്യമായ നടപടികൾക്ക് പ്രത്യേകാനുമതി നൽകുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 6/3/99 ൽ.

(ബി) പ്രത്യേകാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly